തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

വാക്കാട്, മലപ്പുറം - 676 502

# പത്തൊമ്പതാമത് അക്കാദമിക് കൗൺസിൽ യോഗ തീരുമാനങ്ങൾ

## അക്ഷരം കാമ്പസ്, വാക്കാട് - 2018 ആഗസ്റ്റ് 10

**പങ്കെടുത്തവർ:**

1. ഡോ. വി. അനിൽകുമാർ (വൈസ് ചാൻസലർ) അദ്ധ്യക്ഷൻ
2. ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ ചാർജ്)
3. ഡോ. പി. ബിജു
4. ഡോ. ടി.വി. മധു
5. ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ
6. ഡോ. പി. പവിത്രൻ
7. ഡോ. മോഹൻദാസ് യു.എ.
8. ഡോ. എൻ.പി. ചന്ദ്രശേഖരൻ
9. ശ്രീമതി കലാമണ്ഡലം ഹൈമവതി
10. ഡോ. ഖദീജാ മുംതാസ്
11. ഡോ. എം. ശ്രീനാഥൻ
12. ഡോ. കെ.എം. ഭരതൻ
13. പ്രൊഫ. ടിപി. കുഞ്ഞിക്കണ്ണൻ
14. ഡോ. പി. സതീഷ്
15. ശ്രീ പി. ജയരാജൻ

വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ രാവിലെ 10.30 ന് അക്കാദമിക് കൗൺസിൽ യോഗം ആരംഭിച്ചു. പുതിയ കൗൺസിൽ അംഗങ്ങളെ സ്വാഗതം ചെയ്തുകൊണ്ടും സർവകലാശാലയെപ്പറ്റി ഒരു സംക്ഷിപ്തവിവരണം നൽകിക്കൊണ്ടുമാണ് വൈസ് ചാൻസലർ സംസാരിച്ചത്. കൂടുതൽ വിഷയങ്ങൾ മലയാളത്തിൽ പഠിക്കാനും പഠിപ്പിക്കാനുമുള്ള ശ്രമമാണ് സർവകലാശാല നടത്തുന്നത്. നിയമം, കമ്പ്യൂട്ടർ സയൻസ്, ഗണിതശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടെ മലയാളത്തിൽ പഠിക്കപ്പെടണം. മലയാളത്തിൽ വൈജ്ഞാനികഗ്രന്ഥങ്ങൾ ലഭ്യമാവുന്നില്ല എന്നതാണ് പ്രധാന വെല്ലുവിളി. അതുകൊണ്ടുതന്നെ ഒരു മികച്ചപരിഭാഷാകേന്ദ്രം ഉണ്ടാവേണ്ടതുണ്ട്. ഇന്ത്യയുടെ പലഭാഗങ്ങളിലായി പ്രവർത്തിക്കുന്ന മലയാളവിഭാഗങ്ങളെ ഏകോപിപ്പിക്കുവാൻ മലയാളസർവകലാശാലയ്ക്ക് കഴിയണം. നമ്മുടെ ചില കോഴ്സുകളെക്കുറിച്ചുള്ള ആശങ്ക പരിഹരിക്കുവാൻ വിദഗ്ദ്ധസമിതി രൂപീകരിക്കണം. ചിങ്ങം 1 ന് കോഴ്സുകൾ ആരംഭിക്കുക എന്ന രീതി ഉപേക്ഷിച്ച് മറ്റ് സർവകലാശാലകളുടെ പഠനവർഷരീതി സ്വീകരിക്കുകയല്ലേ നല്ലത്! ഇത്തരം ചോദ്യങ്ങൾ അക്കാദമിക് കൗൺസിലിന്റെ ചർച്ചക്ക് വിട്ടുകൊണ്ടാണ് വൈസ് ചാൻസലർ ആമുഖഭാഷണം അവസാനിപ്പിച്ചത്.

തുടർന്ന് യോഗം അജണ്ട ചർച്ചയിലേക്ക് കടന്നു.

ഇനം **1/19**

## പതിനെട്ടാമത് അക്കാദമിക് കൗൺസിൽ യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം 1/19** പതിനെട്ടാമത് അക്കാദമിക് കൗൺസിൽ തീരുമാനങ്ങൾ അംഗീകരിച്ചു.

ഇനം **2/19**

## മുൻതീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ

**തീരുമാനം 2/19** മുൻനടപടികളിലുള്ള തീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ വിശദീകരണം അംഗീകരിച്ചു.

ഇനം **3/19**

## വൈസ് ചാൻസലറുടെ റിപ്പോർട്ട്

**തീരുമാനം 3/19** അംഗീകരിച്ചു.

ഇനം
**4/19**

## കോഴ്സുകളുടെ സിലബസ് പരിഷ്കരണം

**തീരുമാനം 4/19** സിലബസ് പരിഷ്കരണം സംബന്ധിച്ച്

5 ഫാക്കൽറ്റികളുടെ കീഴിൽ 10 ഡിപാർട്ട്മെന്റുകളായി പ്രവർത്തിക്കുന്ന ഘടനയാണിവിടെയുള്ളത്. വേണ്ടത്ര സ്റ്റാഫ് ഇല്ലാത്ത സാഹചര്യത്തിലാണ് യു.ജി.സി.ക്ക് അപേക്ഷ നൽകിയപ്പോൾ 5 ഫാക്കൽറ്റിയായി കാണിച്ചത്. മറ്റു സർവകലാശാലകളുടെ പാറ്റേണിലേക്ക് മാറേണ്ടതുണ്ട് എന്ന് പ്രൊഫ. എം. ശ്രീനാഥൻ ആമുഖമായി സൂചിപ്പിച്ചു.

കോഴ്സുകളുടെ സിലബസ് (അനുബന്ധം 2) പരിഷ്കരണം സംബന്ധിച്ച് വിശദമായ ചർച്ചകൾ നടന്നു. എല്ലാ വകുപ്പുകളിലെയും ആദ്യസെമസ്റ്ററിലെ ആദ്യ പേപ്പർ 'മലയാളഭാഷയുടെ വിജ്ഞാനപദവി' എന്നതായിരിക്കും എന്നംഗീകരിച്ചു.

എല്ലാ പഠനബോർഡുകളും രണ്ടിലേറെ തവണകൾ യോഗം ചേർന്ന് പരിഷ്കരിച്ച സിലബസ് അംഗീകരിച്ചു. ചലച്ചിത്രപഠനം 3-ാം സെമസ്റ്ററിൽ കോഴ്സുകളുടെ എണ്ണം അധികമാണെന്നും അത് നാലാം സെമസ്റ്ററുമായി ചേർത്ത് മറ്റു വകുപ്പുകളിലെപ്പോലെ ക്രമപ്പെടുത്താൻ നിർദ്ദേശിക്കണമെന്നും തീരുമാനിച്ചു. പഠനബോർഡ് ചെയർമാൻ ഇക്കാര്യം നടപ്പിലാക്കേണ്ടതാണ്.

സാഹിത്യഫാക്കൽറ്റിയിലെ മൂന്നാംസെമസ്റ്ററിലെ കോർകോഴ്സ് ആയ സാഹിത്യചരിത്ര വിജ്ഞാനീയം നാലാം സെമസ്റ്ററിലേക്കും, നാലാം സെമസ്റ്ററിലെ ഇലക്ടീവ് 2 മൂന്നാം സെമസ്റ്ററിലേക്കും മാറ്റുവാനുള്ള പഠനബോർഡ് തീരുമാനം അംഗീകരിച്ചു.

ഇനം
**5/19**

## അക്കാദമിക് കലണ്ടർ ചിട്ടപ്പെടുത്തൽ

**തീരുമാനം 5/19** അക്കാദമിക് കലണ്ടർ അടുത്ത അദ്ധ്യയനവർഷം മുതൽ മറ്റു സർവകലാശാലകളിലെ കലണ്ടറിനു തുല്യമായി ചിട്ടപ്പെട്ടുത്തുവാൻ തീരുമാനിച്ചു.

ഇനം
**6/19**

## കോഴ്സുകളുടെ പുനഃസംഘാടനത്തിന് ഉപസമിതികൾ രൂപീകരിക്കുന്നതിന്

**തീരുമാനം 6/19** കോഴ്സുകളുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് വിശദമായ ചർച്ചകൾ നടന്നു.

കോഴ്സുകളുടെ പുനഃസംഘടനയുടെ ആവശ്യകതയെപ്പറ്റിയുള്ള ചർച്ചകളിൽ നിന്നും എല്ലാ കോഴ്സുകളും പുനഃസംഘടിപ്പിക്കേണ്ട സാഹചര്യമില്ല എന്ന അഭിപ്രായം ഉണ്ടായി. സംസ്കാരപൈതൃകം, തദ്ദേശവികസനപഠനം, പരിസ്ഥിതിപഠനം എന്നീ മൂന്ന് പ്രോഗ്രാമുകളിലെ വിദ്യാർത്ഥികൾക്കാണ് ആശങ്കകളുള്ളത്. എംഫിൽ/പിഎച്ച്.ഡി. വിദ്യാർത്ഥികളും ഈ പ്രശ്നം നേരിടുന്നതായി ഡോ. കെ.എം. ഭരതൻ കൂട്ടിച്ചേർത്തു. പ്രൊഫ. എം. ശ്രീനാഥൻ, ഡോ. പി. സതീഷ്, ഡോ. ടി.വി. മധു, ഡോ. പി. പവിത്രൻ എന്നിവരെല്ലാം സജീവമായി ചർച്ചയിൽ ഇടപ്പെട്ടു.

ഈ കോഴ്സിൽ ചേരുന്ന കുട്ടികൾക്ക് ആശങ്കയില്ലാതെ പഠനം പൂർത്തിയാക്കാൻ കഴിയണം. സാമ്പ്രദായിക കോഴ്സുകളാണോ നമുക്കുവേണ്ടത്? അതോ തീർത്തും പരീക്ഷണാത്മകമായ കോഴ്സുകളോ? നമ്മുടെ കാഴ്ചപ്പാട് എന്താവണം? ഈ ചോദ്യങ്ങൾക്കാണ് ഉത്തരം തേടേണ്ടത് എന്ന് വൈസ് ചാൻസലർ ചർച്ചയിൽ ഇടപ്പെട്ട് വിശദീകരിച്ചു. ഈ വിഷയം പ്രത്യേകമായ ഉപസമിതി രൂപീകരിച്ച്, പരിഹരിക്കുവാൻ വിസി യെ ചുമതലപ്പെടുത്തുവാൻ തീരുമാനം ഉണ്ടായി.

എം.ഫിൽ/പിഎച്ച്.ഡി വിഷയങ്ങൾ ഗവേഷണകൗൺസിലിൽ ചർച്ച ചെയ്യേണ്ടതാണെന്നും തീരുമാനിച്ചു.

സംസ്കാരപൈതൃക ഫാക്കൽറ്റിയുടെ കീഴിൽ ഗവേഷണം നടത്തിയ വിദ്യാർത്ഥികൾക്ക് അടിസ്ഥാന പി.ജി. ബിരുദം ഏതു വിഷയത്തിലാണെന്നതിനനുസരിച്ച് പിഎച്ച്.ഡി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താനാവുമോ എന്ന നിർദ്ദേശം ചർച്ച ചെയ്തു. ഇതിന് ഗവേഷണ കൗൺസിലിന്റെ അനുമതി തേടേണ്ടതുണ്ട്.

ഇനം
**7/19**

## എം.എ. തദ്ദേശവികസനപഠനകോഴ്സ് പുനർനാമകരണം

**തീരുമാനം 7/19** പഠനസമിതിയോഗത്തിന്റെ ശുപാർശയെപ്പറ്റി (അനുബന്ധം 3) അറിഞ്ഞിട്ടില്ലെന്നതായിരുന്നു ഡീൻ പ്രൊഫ. കുഞ്ഞിക്കണ്ണന്റെ നിലപാട്. ആദ്യ മീറ്റിംഗിൽ താൻ പങ്കെടുത്തില്ലെന്നും വിദ്യാർത്ഥികൾ ഇതിനെതിരാണെന്നും അദ്ദേഹം അറിയിച്ചു. വികസനപഠനം എന്നു പേരുമാറ്റുന്നതിനെതിരെ അദ്ദേഹം ദീർഘമായി വിശദീകരണം നടത്തി. 7/19 ന്റെ തീരുമാനം 6/19 പോലെ ഉപസമിതിക്കു വിടാൻ തീരുമാനിച്ചു.

ഇനം
**8/19**

## പട്ടികജാതി പട്ടികവർഗവിദ്യാർത്ഥികൾക്ക് പ്രവേശനത്തിൽ മാർക്ക് ഇളവ് നൽകുന്നത് സംബന്ധിച്ച്

**തീരുമാനം 8/19** പ്രവേശനപ്പരീക്ഷയിൽ ഇളവ് നൽകിയത് അംഗീകരിച്ചു. ഭാഷാശാസ്ത്രം, സംസ്കാരപൈതൃകം, തദ്ദേശവികസനം തുടങ്ങി മൂന്നു വിഷയങ്ങൾക്ക് പുനഃപരീക്ഷ നടത്തേണ്ടതുണ്ടോ എന്ന് ചർച്ച ചെയ്തു. അത് ഒരു കാരണവശാലും നടത്തരുത് എന്ന് തീരുമാനിച്ചു. (പുനഃപരീക്ഷ നടത്തുന്നത് നിലവാരത്തകർച്ചയുണ്ടാക്കുമെന്നും ക്ലാസുകൾ ആരംഭിക്കാൻ കാലതാമസം വരുത്തുമെന്നും യോഗം അഭിപ്രായപ്പെട്ടു.

ഇനം
**9/19**

## ചലച്ചിത്രപഠനകോഴ്സിന് പ്രത്യേക പഠനബോർഡ്

**തീരുമാനം 9/19** ചലച്ചിത്രപഠനകോഴ്സിന് അടുത്ത തവണ പ്രത്യേക പഠനബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചു.

ഇനം
**10/19**

## പൈതൃകവിനിമയകേന്ദ്രം

**തീരുമാനം 10/19** ചർച്ച വേണ്ട / വകുപ്പുമേധാവി തന്ന കത്തനുസരിച്ച് അജണ്ട പിൻവലിച്ചു.

ഇനം
**11/19**

## ലിപി വിജ്ഞാനീയം കോഴ്സ്

**തീരുമാനം 11/19** സർക്കാരിന്റെ ഒരു കോടി രൂപയുടെ പ്രോജക്ടായി അനുമതിക്ക് സമർപ്പിച്ചു. (സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുവാൻ) പാഠ്യപദ്ധതി തത്വത്തിൽ അംഗീകരിച്ചു.

ഇനം
**12/19**

## താരതമ്യസാഹിത്യം കോഴ്സ് പുനരാരംഭിക്കുന്നത് സംബന്ധിച്ച്

**തീരുമാനം 12/19** പഴയ വിവരങ്ങൾ പ്രൊഫ. എം. ശ്രീനാഥൻ സമിതിയിൽ വിശദീകരിച്ചു.

താരതമ്യം കോഴ്സ് വിവർത്തനപഠനത്തിലേക്ക് മാറ്റാവുമോ? എന്ന് ഡോ. പി. പവിത്രൻ സംശയമുന്നയിച്ചു.

വിവർത്തനപഠന വിഭാഗമായി തുടങ്ങണമോ ഗവേഷണകേന്ദ്രമായി ആരംഭിക്കണമോ എന്ന കാര്യവും ചർച്ച ചെയ്തു. വിവർത്തനപദ്ധതിക്കായി ഒരു കേന്ദ്രം അത്യാവശ്യമാണെന്ന ധാരണയായി. തുടക്കത്തിൽ മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്ക് എന്ന തരത്തിൽ കോഴ്സ് ആരംഭിക്കണം. ഔദ്യോഗികഭാഷയുടെ നോഡൽ ഓഫീസായി (ഏജൻസി) മലയാളസർവകലാശാല പ്രവർത്തിക്കണം. വിവർത്തനപഠനകേന്ദ്രത്തിൽ മറ്റു സർവകലാശാലയിൽ നിന്നു അധ്യാപകർക്ക് ഡെപ്യൂട്ടേഷനിൽ വരാൻ അവസരമുണ്ടാകണം. ഒരു കോ-ഓർഡിനേറ്റർ ഉണ്ടാവണം. ഒരു പ്രൊഫസർ തസ്തിക ഉണ്ടാവണം. അല്ലെങ്കിൽ വിവർത്തനം സ്കോളർ-ഇൻ-റെസിഡൻസ് പ്രോഗ്രാം ആക്കിമാറ്റാം. ക്രമേണ ഇന്ത്യൻ ഭാഷകളുടെയൊക്കെ വിവർത്തനത്തിന് വഴിയൊരുക്കാം. വളരെ ശ്രദ്ധാപൂർവ്വംഇതു രൂപകൽപന ചെയ്യണം. വിവർത്തനത്തിൽ പിഎച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ, സ്കോളർ-ഇൻ-റെസിഡൻസ് എന്ന തരത്തിൽ ഇവിടെ വന്ന് പ്രവർത്തിക്കുവാൻ അവസരം ഉണ്ടാകണം.

ഒരു പ്രൊഫസർ തസ്തികയിലെങ്കിലും അനുവദിക്കത്തക്ക രീതിയിൽ വിവർത്തനപഠന പദ്ധതി തയ്യാറാക്കി സമർപ്പിക്കുവാൻ തീരുമാനിച്ചു.

താരതമ്യപഠനകോഴ്സിനു പകരം വിവർത്തനപഠനം പ്രോഗ്രാം ആരംഭിക്കുവാൻ തീരുമാനിച്ചു. താരതമ്യപഠനം അതിൽ ഉൾപ്പെടുകയും വേണം.

ഇനം
**13/19**

## മറ്റു കാര്യങ്ങൾ

**തീരുമാനം 13/19**

1. പുറത്തുനിന്നുള്ള അദ്ധ്യാപകർക്ക് മേജർ പ്രൊജക്ട് ഉൾപ്പെടെയുള്ള ഗവേഷണത്തിന് സെന്ററായി സർവകലാശാലയിൽ അവസരം നൽകാൻ തീരുമാനിച്ചു.
2. രോഷ്നി സ്വപ്നയുടെ പിഎച്ച്.ഡി. ഓഡിറ്റ് വിഷയം ചർച്ച ചെയ്തു. ഇക്കാര്യത്തിൽ കൂടുതൽ ചർച്ച ആവശ്യമാണെന്ന് കണ്ടു.

3. പറ്റാവുന്ന വിഷയങ്ങളിൽ ഇന്റേൺഷിപ്പ് ഏർപ്പെടുത്താവുന്നതാണ്.

4. എം.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ഗണിതം, എൽ.എൽ.ബി. കോഴ്സുകൾ മലയാളത്തിൽ ആരംഭിക്കുവാനുള്ള തീരുമാനം തത്വത്തിൽ അംഗീകരിച്ചു.

5. ഗവേഷണത്തിന് ഊന്നൽകൊടുത്ത് കമ്പ്യൂട്ടർ കോഴ്സ് (മലയാളം) നടപ്പിലാക്കണം.

6. ഭാവിയിലേക്ക് പ്രയോജനം ചെയ്യുന്ന കോഴ്സുകൾക്ക് ഊന്നൽ നൽകണം.

7. യൂണിവേഴ്സിറ്റിയുടെ മ്യൂസിയം & ആർക്കൈവ്സ് വികസനത്തിനുവേണ്ടിയുള്ള പ്രോജക്ട് സർക്കാരിലേക്ക് സമർപിക്കണം.

8. ക്ലാസിക്കൽ മലയാളത്തിന് മികവ്കേന്ദ്രം അനുവദിക്കുന്നതു സംബന്ധിച്ച് സമിതി നടത്തിയ സന്ദർശനത്തിന്റെ വിഷയം വിശദീകരിച്ചു. മലയാള സർവകലാശാലയ്ക്ക് ഈ സെന്റർ അനുവദിക്കുന്നതിൽ മുഖ്യമന്ത്രിക്കുള്ള താൽപര്യവും അംഗങ്ങളെ അറിയിച്ചു.

9. മലയാളഭാഷയുടെ വിജ്ഞാനപദവി എന്ന പേപ്പറിന് ഒരു പ്രത്യേക പഠന ബോർഡ് രൂപീകരിക്കുന്നത് അഭികാമ്യമാണെന്ന നിർദ്ദേശം ഉണ്ടായി. അത് ഇവിടെയുള്ള മൂന്ന് പ്രൊഫസർമാരെയും രണ്ട് വിദഗ്ദ്ധരെയും ഉൾക്കൊള്ളിച്ച് രൂപീകരിക്കുവാൻ തീരുമാനിച്ചു.

യോഗം 1.30 ന് അവസാനിച്ചു.

ഡോ. വി. അനിൽകുമാർ
വൈസ് ചാൻസലർ